(സി) ജംഗാർ സർവ്വീസ് നിർത്തലാക്കിയാൽ ദിവസേന കുമ്പളങ്ങിയിൽ നിന്ന് കൊച്ചി നഗരപ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്കും ഗവൺമെൻറ് ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും യാത്രാക്ലേശവും സാമ്പത്തിക നഷ്ടവും അനുഭവിക്കേണ്ടി വരുമെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെരുമ്പടപ്പ് ജെട്ടി മാറ്റിപ്പണിയുമ്പോൾ ജംഗാർ സർവ്വീസ് കൂടി നടത്താവുന്ന നിലയിൽ ഉള്ള ജെട്ടി പണിയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തല്ക്കാലം ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ജെട്ടി മാറ്റി പണിയുമ്പോൾ പരിഗണിക്കാവുന്നതാണ്.

ഓർഡിനൻസുകൾ

1169 [2133] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഓർഡിനൻസുകൾ ആക്റ്റാകാതെ നിലനിൽക്കുന്നുണ്ട്;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തവണ പുതുക്കേണ്ടിവന്ന ഓർഡിനൻസ് ഏതാണ്;

(സി) അത് എത്ര തവണ പുതുക്കിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 34 ഓർഡിനൻസുകൾ ആക്റ്റാകാതെ നിലനിൽക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തവണ പുതുക്കേണ്ടിവന്ന ഓർഡിനൻസ് 1983-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് ആണ്.

(സി) അത് പത്ത് തവണ പുതുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പത്രങ്ങളും വാരികകളും ദൈവാരികകളും മാസികകളും

1170 [2134] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പത്രങ്ങളും വാരികകളും ദൈവാരികകളും മാസികകളും പ്രസിദ്ധീകരിക്കുന്നുണ്ട്;

(ബി) ഇതിന്റെ ഓരോന്നിന്റെയും സർക്കുലേഷൻ എത്രയാണെന്നു വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട പത്രങ്ങൾക്കും മറ്റു പ്രസിദ്ധീകരണങ്ങൾക്കും ഗവൺമെന്റ് പരസ്യം നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയിരത്തിലധികം കോപ്പികൾ പ്രചാരമുള്ള എല്ലാ പത്രങ്ങൾക്കും പരസ്യം നൽകാൻ ഗവൺമെന്റ് നടപടി എടുക്കുമോ?

ഉത്തരം

(എ) 97 ദിനപത്രങ്ങളും, 92 വാരികകളും, 54 ദൈവാരികകളും, 553 മാസികകളും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) പ്രസ് രജിസ്ട്രാറുടെ 1983–ലെ റിപ്പോർട്ടു പ്രകാരം സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കുന്ന സർക്കുലേഷൻ ലഭ്യമായ പ്രസിദ്ധീകരണങ്ങളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി) ചെറുകിട പത്രങ്ങൾക്കും മറ്റു പ്രസിദ്ധീകരണങ്ങൾക്കും ഗവൺമെന്റ് പരസ്യം ലഭിക്കുന്നില്ല എന്ന പരാതി കിട്ടിയിട്ടില്ല.

(ഡി) ആയിരത്തിലധികം കോപ്പി പ്രചാരമുള്ള എല്ലാ ദിന പത്രങ്ങൾക്കും പരസ്യം നൽകത്തക്കവിധം നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി ഗതിവരുത്തിയിട്ടുണ്ട്. അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

പത്രപ്രവർത്തന രംഗത്തനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

1171 [2135] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തന രംഗത്ത് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ദൂരീകരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു;

(സി) പത്രവിതരണക്കാരുടെ സമരം തീർക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻഡ്യൻ സ്മാൾ ന്യൂസ് പേപ്പേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പത്രാധിപൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി അവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു കുറഞ്ഞത് ആയിരം കോപ്പി യെങ്കിലും സർക്കുലേഷനുള്ളതും ഒരുകൊല്ലം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതുമായ എല്ലാ ദിനപ്പത്രങ്ങൾക്കും ഗവൺമെന്റ് പരസ്യങ്ങൾ നൽകാൻ തീരുമാനിച്ചു. പത്രപ്രവർത്തകർക്ക് പരിശീലനം നൽകാൻ കേരള പ്രസ് അക്കാദമിയിൽ ഒരു ഇൻസർവ്വീസ് കോഴ്സ് ആരംഭിക്കുന്നതാണ്. കെട്ടിലും മട്ടിലും മികവ് പുലർത്തുന്ന വൻകിട–ഇടത്തരം–ചെറുകിട പത്രങ്ങൾക്ക് പ്രത്യേകം അവാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly